# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 482 | 24.01.2018 - ൽ മറുപടിയ്ക്ക് |
|---|---|

## രജിസ്ട്രേഷൻ എടുക്കാതെ ജി.എസ്.ടി. പിരിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | രജിസ്ട്രേഷൻ എടുക്കാതെ ജി.എസ്.ടി. പിരിക്കുന്ന ഹോട്ടലുകളെ കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | ഉണ്ട്. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് സംസ്ഥാനമൊട്ടാകെയുള്ള ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും വ്യാപകമായി പരിശോധന നടത്തി ബില്ലുകൾ ശേഖരിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് ഇത്തരത്തിൽ രജിസ്ട്രേഷൻ എടുക്കാതെ നികുതി പിരിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്താനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.<br><br>ജി.എസ്.ടി സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തനസജ്ജമായിട്ടില്ല. ആയതിനാൽ ജി.എസ്.ടി നിയമപ്രകാരമുള്ള റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യപ്പെട്ടിട്ടില്ല. റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്തതിനുശേഷമേ സൂക്ഷ്മ പരിശോധന നടത്തി ഇത്തരത്തിലുള്ള നികുതിവെട്ടിപ്പ് കണ്ടുപിടിക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | ഇത്തരം നികുതി വെട്ടിപ്പ് നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | | |
| (സി) | ഉപഭോക്താക്കളിൽ നിന്ന് നികുതി പിരിക്കുകയും സർക്കാരിൽ തുക അടയ്ക്കാതിരിക്കുകയും ചെയ്യുന്നവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ

522